**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **28-07-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ ഡോക്ടർമാരുടെ സേവനപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ എന്നിവയിലെ ഡോക്ടർമാരുടെ സേവനത്തിന് ഭൂമിശാസ്ത്രപരമായ പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഫീൽഡ്തല പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഓരോ സ്ഥാപനത്തിനും ഭൂമിശാസ്ത്രപരമായ മേഖലകൾ തിരിച്ച് നൽകിയിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാരുടെത് അടക്കമുള്ള ക്ലിനിക്കൽ സേവനങ്ങൾക്ക് ഭൂമിശാസ്ത്രപരമായ പരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | അവരുടെ സേവനം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ മേൽനോട്ടം നടത്തിവരുന്നുണ്ട്. |
| (സി) | ഗ്രാമപഞ്ചായത്തുകൾക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; | (സി) | ആരോഗ്യ വകുപ്പ് വഴി ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പ്രോജക്ടുകളുടെ ഗുണഭോക്താക്കളായി അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വ്യക്തികളെത്തന്നെയാണ് ഉൾപ്പെടുത്താറുള്ളത്. |
| (ഡി) | ഇത്തരം ആരോഗ്യകേന്ദ്രങ്ങളിൽ നിന്നുള്ള സേവനം ഗ്രാമപഞ്ചായത്ത് കണക്കാക്കാതെ സാർവ്വത്രികമായി ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | ആരോഗ്യ വകുപ്പ് വഴി ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പ്രോജക്ടുകളുടെ ഗുണഭോക്താക്കളായി അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വ്യക്തികളെത്തന്നെയാണ് ഉൾപ്പെടുത്താറുള്ളത്. |

സെക്ഷൻ ഓഫീസർ